## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 708 — 11.07.2016-ൽ മറുപടിയ്ക്ക്

## ചെറിയ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ടി.എ.റഹീം** | | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ ചെറിയ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുന്നതു മൂലം ചെറുകിട കരാറുകാർക്ക് പ്രവൃത്തി എടുക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ ചെറിയ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുന്ന രീതി ഇല്ല. 2015-16 സാമ്പത്തിക വർഷം ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതികൾക്കായി അനുമതി നൽകിയിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ചെറിയ പ്രവൃത്തികൾ കൂട്ടിച്ചേർത്ത് പാക്കേജായി ടെണ്ടർ ചെയ്യുകയുണ്ടായി. ഇത് പ്രവൃത്തികൾ ഫലപ്രദമായി നടപ്പിലാക്കു ന്നതിനും സുഗമമായ മേൽനോട്ടത്തിനും പണികളുടെ ഗുണനിലവാരം ഉയർത്തു ന്നതിനും വേണ്ടിയായിരുന്നു. എന്നാൽ ചെറുകിട കരാറുകാർക്ക് പ്രവൃത്തി എടുക്കാൻ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വിവിധ സെക്ഷനുകളിലെ പ്രവൃത്തി കൾ ഒറ്റ യൂണിറ്റായി ടെണ്ടർ ചെയ്യുന്നതുമൂലം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്ത സ്ഥിതി വിശേഷം ഇല്ലാതാക്കുന്നതിന് ചെറിയ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ബി) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കു മാത്രമാണ് ഇപ്രകാരം പ്രവൃത്തികൾ കൂട്ടിച്ചേർത്ത് ടെണ്ടർ ചെയ്യുവാൻ ഉത്തരവു ണ്ടായിരുന്നത്. മറ്റ് വർക്കുകൾ സാധാരണ രീതിയിൽ തന്നെയാണ് ടെണ്ടർ ചെയ്തു വരുന്നത്. ടി പ്രവൃത്തികൾ ഒറ്റ യൂണിറ്റ് ആക്കി ടെണ്ടർ ചെയ്യുതുമൂലം യഥാസമയം പൂർത്തിയാക്കാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ